ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.11.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ബിഹാറിൽ നിയമസഭാ തിരഞ്ഞെടുപ്പിൻറെ ആദ്യ ഘട്ട വോട്ടെടുപ്പിൽ വിധിയെഴുതി ജനങ്ങൾ, ഒടുവിൽ ലഭിച്ച കണക്കുകൾപ്രകാരം 60.25 ശതമാനം പോളിംഗ്.

   **The people of Bihar have cast their votes in the first phase of the assembly elections; as per the latest figures, voter turnout recorded at 60.25%.**

2. വന്ദേ മാതരത്തിൻറെ 150-ാം വാർഷികാഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം; ഒരു വർഷം നീളുന്ന പരിപാടികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   **The nation prepares to celebrate the 150th anniversary of Vande Mataram; Prime Minister Narendra Modi will inaugurate the year-long celebrations in New Delhi tomorrow.**

3. എറണാകുളം-ബംഗളൂരു റൂട്ട് ഉൾപ്പടെയുള്ള നാല് പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ പ്രധാനമന്ത്രി ശനിയാഴ്ച്ച വാരാണസിയിൽ ഫ്ലാഗ് ഓഫ് ചെയ്യും.

   **Prime Minister to flag off four new Vande Bharat Express trains including the Ernakulam–Bengaluru train at Varanasi on Saturday.**

4. ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ അഭിമാനകരമായ നേട്ടമെന്ന് റവന്യൂ മന്ത്രി കെ രാജൻ; ഒരു കോടി തൈകൾ നട്ടുപിടിപ്പിച്ചതിന്റെ പ്രഖ്യാപനം മന്ത്രി തൃശൂരിൽ നിർവഹിച്ചു.

**'Oru Thai Nadam'(Let's Plant a Sapling) people's tree planting campaign achieves a proud milestone, says Revenue Minister K. Rajan; minister announces in Thrissur that one crore saplings have been planted**

5. **ഇന്ത്യ-ഓസ്ട്രേലിയ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ഇന്ത്യക്ക് 48 റൺസ് ജയം.**

**India wins by 48 runs in the fourth match of the India–Australia Twenty20 cricket series.**

******************

## BIHAR ELECTION

ബിഹാറിൽ നിയമസഭാ തിരഞ്ഞെടുപ്പിൻറെ ആദ്യ ഘട്ട വോട്ടെടുപ്പിൽ വിധിയെഴുതി ജനങ്ങൾ. ഒടുവിൽ ലഭിച്ച കണക്കുകൾ പ്രകാരം 60.25 ശതമാനമാണ് പോളിംഗ്.8 ജില്ലകളിലെ 121 നിയോജകമണ്ഡലങ്ങളിലേക്കാണ് ആദ്യ ഘട്ട വോട്ടെടുപ്പ്. 314 സ്ഥാനാർത്ഥികളാണ് ഒന്നാം ഘട്ടത്തിൽ ജനവിധി തേടിയത്. രണ്ടാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പ് ഈ മാസം 11 നു നടക്കും. ഈ മാസം 14 നാണ് വോട്ടെണ്ണൽ.

******************

## BIHAR CAMPAIGN

രണ്ടാംഘട്ട ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി തുടരുന്നു. പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ ഉൾപ്പടെ പ്രചാരണ രംഗത്ത് സജീവമാണ്. മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ബഗൽപൂർ, അരാരിയ എന്നിവിടങ്ങളിൽ തെരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. കേന്ദ്രമന്ത്രിമാരായ അമിത്ഷാ, രാജ്നാഥ് സിംഗ് തുടങ്ങിയവരും വിവിധയിടങ്ങളിൽ ഇന്ന് പ്രചാരണം നടത്തി. പ്രതിപക്ഷ സഖ്യമായ മഹാ ഗഡ്ബന്ധൻറെ മുഖ്യമന്ത്രി സ്ഥാനാർത്ഥി തേജസ്വി പ്രസാദ് യാദവ് വിവിധ തെരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും.

******************

## PM VANDEMATARAM

വന്ദേ മാതരത്തിൻറെ 150-ാം വാർഷികാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. ഒരു വർഷം നീളുന്ന പരിപാടികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. അടുത്ത വർഷം നവംബർ 7 വരെ നീണ്ടുനിൽക്കുന്ന രാജ്യവ്യാപകമായ ആഘോഷ പരിപാടികളുടെ ഉദ്ഘാടനമാണ് നാളെ നടക്കുന്നത്. വന്ദേ മാതരത്തിന്റെ 150-ാം

വാർഷിക ചരിത്രത്തെക്കുറിച്ചുള്ള ക്യൂറേറ്റഡ് എക്സിബിഷൻ, ഹ്രസ്വ ഡോക്യുമെന്ററി പ്രദർശനം, സ്മാരക സ്റ്റാമ്പും നാണയവും പുറത്തിറക്കൽ എന്നിവയും ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്.

******************

## MEA-BRIEFING

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ അംഗോള - ബോട്സ്വാന സന്ദർശനം മറ്റന്നാൾ ആരംഭിക്കും. സന്ദർശനവേളയിൽ അംഗോള പ്രസിഡൻറുമായി രാഷ്ട്രപതി ഉഭയകക്ഷി ചർച്ചകൾ നടത്തുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. ഈ മാസം 11 ന് അംഗോളയുടെ 50ാ ാം സ്വാതന്ത്ര്യ വാർഷികാഘോഷത്തിൽ ശ്രീമതി മുർമു പങ്കെടുക്കും. തുടർന്ന് അംഗോളൻ പാർലമെന്റിനെ അഭിസംബോധന ചെയ്യുന്ന രാഷ്ട്രപതി അംഗോളയിലെ ഇന്ത്യൻ സമൂഹവുമായി സംവദിക്കും

******************

## PM-VARANASI（INTRO）

പ്രധാനമന്ത്രി നരേന്ദ്ര മോദി ശനിയാഴ്ച വാരാണസി സന്ദർശിക്കും. എറണാകുളം-ബെംഗളൂരു റൂട്ട് ഉൾപ്പടെയുള്ള നാല് പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

**വിശദാംശങ്ങളിലേക്ക്.....**

**( വോയിസ്.....)**

-എറണാകുളം-ബെംഗളൂരു കൂടാതെ ബനാറസ്-ഖജുരാഹോ, ലഖ്നൗ-സഹരൻപൂർ, ഫിറോസ്പൂർ-ഡൽഹി വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകളാണ് പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യുക. യാത്രാ സമയം കുറയ്ക്കാനും ടൂറിസം മേഖലയുടെ ഉൾപ്പടെ വികസനത്തിന് വേഗത പകരാനും പുതിയ വന്ദേ ഭാരത് സർവീസുകൾ സഹായിക്കും. എറണാകുളത്ത് നിന്നും ബെംഗളൂരു വരെയുള്ള യാത്ര സമയം 2 മണിക്കൂറിലധികമാണ് കുറയുക. 8 മണിക്കൂർ 40 മിനിറ്റ് കൊണ്ട് എറണാകുളം-ബെംഗളൂരു വന്ദേ ഭാരത് യാത്ര പൂർത്തിയാക്കും. പ്രധാന ഐടി, വാണിജ്യ കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന സർവീസ്, പ്രൊഫഷണലുകൾ, വിദ്യാർത്ഥികൾ, വിനോദസഞ്ചാരികൾ എന്നിവർക്ക് ഈ സർവീസ് പ്രയോജനം ചെയ്യും. ബനാറസ്-ഖജുരാഹോ വന്ദേ ഭാരത് സർവീസ് ആരംഭിക്കുന്നതിലൂടെ 2 മണിക്കൂർ 40 മിനിറ്റ് ലഭിക്കാനാകും. വാരാണസി, പ്രയാഗ്‌രാജ്, ചിത്രകൂട്, ഖജുരാഹോ എന്നിവിടങ്ങളിലേക്ക് ഇനിമുതൽ അതിവേഗം എത്തിച്ചേരാനാകും. വന്ദേ ഭാരത് വരുന്നതോടെ ലഖ്നൗ മുതൽ സഹരൻപൂർ വരെ ഏകദേശം 7 മണിക്കൂർ 45 മിനിറ്റിനുള്ളിൽ യാത്ര പൂർത്തിയാക്കാനാകും. ലഖ്നൗ,

സീതാപൂർ, ഷാജഹാൻപൂർ, ബറേലി, മൊറാദാബാദ്, ബിജ്നോർ, സഹരൻപൂർ എന്നിവിടങ്ങളിൽ നിന്നുള്ള യാത്രക്കാർക്ക് ഇത് വളരെയധികം പ്രയോജനം ചെയ്യും. ഫിറോസ്പൂരിൽ നിന്നും വെറും 6 മണിക്കൂർ 40 മിനിറ്റിനുള്ളിൽ പുതിയ വന്ദേഭാരത് ഡൽഹിയിൽ എത്തിച്ചേരും.

**ന്യൂസ്ഡെസ്ക് ആകാശവാണി.....**

**********************

## K RAJAN

ഹരിതകേരളം മിഷൻറെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ അഭിമാനകരമായ നേട്ടമെന്ന് റവന്യൂ മന്ത്രി കെ. രാജൻ പറഞ്ഞു. ഒരു തൈ നടാം ജനകീയ ക്യാമ്പയിനിലൂടെ ഒരു കോടി വൃക്ഷ തൈകൾ നട്ടുപിടിപ്പിച്ചതിൻറെ പ്രഖ്യാപനം മന്ത്രി തൃശൂരിൽ നിർവഹിച്ചു.

**********************

## NAIDU - SAF SUMMIT (INTRO)

സുസ്ഥിര വ്യോമയാന ഇന്ധന ഉൽപാദനത്തിൽ ഇന്ത്യ ഗണ്യമായ പുരോഗതി കൈവരിച്ചതായി കേന്ദ്ര വ്യോമയാന മന്ത്രി കെ റാം മോഹൻ നായിഡു. ഈ മേഖലയിലെ രാജ്യത്തിന്റെ ആഗോളമുന്നേറ്റത്തിനായി സർക്കാർ ശക്തമായ നയം രൂപീകരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ SAF ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. ഭാവിയിൽ, സുസ്ഥിര വ്യോമയാന ഇന്ധന ഉത്പാദനത്തിൽ സ്വന്തം ആവശ്യങ്ങൾ നിറവേറ്റാൻ മാത്രമല്ല, മറ്റ് രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യാനും ഇന്ത്യക്ക് കഴിയുമെന്ന് ശ്രീ നായിഡു ആത്മവിശ്വാസം പ്രകടിപ്പിച്ചു.

**(ഹോൾഡ് വോയ്സ്)**

**********************

## PM-CONFERENCE-LEGAL AID

നിയമസഹായ വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ദ്വിദിന ദേശീയ സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. സമ്മേളനത്തെ അഭിസംബോധന ചെയ്യുന്ന അദ്ദേഹം, നാഷണൽ ലീഗൽ സർവീസസ് അതോറിറ്റി തയ്യാറാക്കിയ കമ്മ്യൂണിറ്റി മീഡിയേഷൻ പരിശീലന മൊഡ്യൂളിന്റെ ഉദ്ഘാടനവും നിർവഹിക്കും.

**********************

## MANDAVIYA-DOHA

ദോഹയിൽ നടന്ന ആഗോള സാമൂഹിക വികസന ഉച്ചകോടിയുടെ രണ്ടാം പതിപ്പിനോട് അനുബന്ധിച്ച് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ റൊമാനിയൻ ,റഷ്യൻ തൊഴിൽ മന്ത്രിമാരുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. ഖത്തറിന്റെ സാമൂഹിക വികസന മന്ത്രിയുമായും ശ്രീ മാണ്ഡവ്യ ചർച്ച നടത്തി. ഡിജിറ്റൽ നവീകരണത്തിലെ മികച്ച രീതികൾ ചർച്ച ചെയ്യതായി അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

*****************

## WOMEN CRICKET TEAM (INTRO )

വനിതാ ലോകകപ്പ് ക്രിക്കറ്റ് ചാമ്പ്യന്മാരായ ഇന്ത്യൻ ടീം അംഗങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമുവിനേയും, പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും സന്ദർശിച്ചു. രാഷ്ട്രപതി ഭവനിൽ എത്തിയ സംഘാംഗങ്ങളെ രാഷ്ട്രപതി അഭിനന്ദിച്ചു. കഠിനാധ്വാനം, ദൃഢനിശ്ചയം എന്നിവയിലൂടെ ചരിത്ര വിജയം നേടിയ ഇന്ത്യൻ വനിതാ ടീം യുവതലമുറയ്ക്ക് മാതൃകയാണെന്ന് ശ്രീമതി മുർമു പറഞ്ഞു. ന്യൂഡൽഹിലെ പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിലും താരങ്ങൾക്ക് സ്വീകരണം നൽകി. ലോകകപ്പ് നേട്ടത്തിൽ വനിതാ ക്രിക്കറ്റ് ടീമിനെ- പ്രധാനമന്ത്രി അഭിനന്ദിച്ചു.

**( വോയിസ്....)**

*****************

## IND VS AUS T20

ഓസ്ട്രേലിയക്കെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ഇന്ത്യക്ക് 48 റൺ ജയം. ഇന്ത്യ ഉയർത്തിയ 168 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഓസീസിന് 18.2 ഓവറിൽ 119 റൺസെടുക്കുന്നതിനിടെ മുഴുവൻ വിക്കറ്റുകളും നഷ്ടമായി. ഇതോടെ അഞ്ചു മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 2-1 മുന്നിലെത്തി. പരമ്പരയിലെ ഫൈനൽ മത്സരം ശനിയാഴ്ച ബ്രിസ്ബേനിൽ നടക്കും

*****************

## Dr. prefix by physiotherapists

അംഗീകൃത മെഡിക്കൽ യോഗ്യതയില്ലാത്ത ഫിസിയോതെറാപ്പിസ്റ്റുകളും ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റുകളും പേരിന് മുന്നിൽ ഡോക്ടർ എന്ന പദം ഉപയോഗിക്കുന്നതിനെതിരെ ഉത്തരവ് പുറപ്പെടുവിച്ച് കേരള ഹൈക്കോടതി. അംഗീകൃത മെഡിക്കൽ യോഗ്യത കൈവശം വയ്ക്കാതെ ഫിസിയോതെറാപ്പിസ്റ്റുകൾ 'ഡോക്ടർ' പദം ഉപയോഗിക്കുന്നത് ഇന്ത്യൻ

മെഡിക്കൽ ഡിഗ്രി ആക്ടിന്റെ ലംഘനമാണെന്ന് ജസ്റ്റിസ് വി ജി അരുൺ ഉത്തരവിൽ വ്യക്തമാക്കി.

******************

## WORKSHOP-AIR

തദ്ദേശ ഭരണ സംവിധാന രംഗത്തേക്ക് കൂടുതൽ പ്രൊഫഷണലുകൾ കടന്നു വരണമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ എ. ഷാജഹാൻ . തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിന് മുന്നോടിയായി ആകാശവാണി തിരുവനന്തപുരം വാർത്താ വിഭാഗം മാധ്യമ പ്രവർത്തകർക്കായി സംഘടിപ്പിച്ച ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻറെ മീഡിയ ഹാൻഡ് ബുക്കും തെരഞ്ഞെടുപ്പു കമ്മീഷണർ പ്രകാശനം ചെയ്തു.

******************

## CM - KERALA

ഗൾഫ് പര്യടനത്തിൻറെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കുവൈത്തിൽ എത്തി. കുവൈത്ത് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇന്ത്യൻ എംബസി പ്രതിനിധികളും ലോക കേരള സഭ അംഗങ്ങളും, മലയാളം മിഷൻ, കല കുവൈറ്റ് ഭാരവാഹികളും ചേർന്ന് സ്വീകരിച്ചു. കുവൈത്ത് സർക്കാർ പ്രതിനിധികളുമായി മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തും. നാളെ വൈകിട്ട് മൻസൂരിയയിലെ അൽ അറബി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന സമ്മേളനത്തിൽ മുഖ്യമന്ത്രി കുവൈത്തിലെ മലയാളികളെ അഭിസംബോധന ചെയ്യും.

******************

## MUMBAI- SITHARAMAN

പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങളുടെ ഗുണഫലങ്ങൾ എല്ലാ മേഖലകളിലും പ്രകടമാണെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. താഴെത്തട്ടിലുള്ള പൗരന്മാരിലേക്ക് സേവനങ്ങൾ എത്തിക്കുന്നതിലൂടെ ധനകാര്യ മേഖലയെ ജനാധിപത്യവൽക്കരിക്കുന്നതിൽ ബാങ്കുകൾ ഏറെ സഹായിച്ചിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. മുംബൈയിൽ 12-ാമത് എസ്ബിഐ ബാങ്കിംഗ് & ഇക്കണോമിക്സ് കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു ധനമന്ത്രി.

******************

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 148 പോയിന്റ് നഷ്ടത്തിൽ 83,311 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 88 പോയിന്റ് ഇടിഞ്ഞ് 25,510 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവില ഉച്ചക്ക് ശേഷം വീണ്ടും കൂടി. പവന് 480 രൂപ കൂടി 89,880 രൂപയും, ഗ്രാമിന് 11,235 രൂപയുമാണ് ഇന്നത്തെ വില.

******************

## NADDA-SRI LANKA

കേന്ദ്രമന്ത്രിയും ബിജെപി ദേശീയ അധ്യക്ഷനുമായ ജെ.പി നഡ്ഡ ന്യൂഡൽഹിയിൽ ശ്രീലങ്കൻ പ്രതിപക്ഷ നേതാവ് സജിത് പ്രേമദാസയുമായി കൂടിക്കാഴ്ച നടത്തി. ഭാരതീയ ജനതാ പാർട്ടിയുടെ താഴെത്തട്ടിലുള്ള പ്രവർത്തനവും ജനങ്ങൾക്ക് മുൻഗണന നൽകിയുള്ള നയങ്ങളെക്കുറിച്ചും ശ്രീ നഡ്ഡ വിശദീകരിച്ചു. ഇന്ത്യയുടെയും ശ്രീലങ്കയുടെയും വികസനം ലക്ഷ്യമിട്ടുള്ള പദ്ധതികൾ തുടരുമെന്നും അദ്ദേഹം പറഞ്ഞു.

******************

***************

****